"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്
ആന്റ് എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ. പി.ഒ
തിരുവനന്തപുരം - 695003

Phone : 0471-2324030
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. DB5/2732/22/സി.ഇ/ത.സ്വ.ഭ.വ

തീയതി: 12.10.2022

## സർക്കുലർ

വിഷയം:- ത.സ്വ.ഭ.വ (L.I.D & EW) – മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി – ഫീൽഡ് തല പരിശോധനകൾ കാര്യക്ഷമമായി നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- **(1)** സർക്കുലർ നമ്പർ ഡിഡി2/336/2020/തസ്വഭവ തീയതി 11.01.2021

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട്, പരിശോധനാ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി സൂചന പ്രകാരം അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപും, പ്രവൃത്തി നടക്കുമ്പോഴും, പ്രവൃത്തി പൂർത്തിയായി കഴിഞ്ഞും പൊതു പരിശോധനയും, സാങ്കേതിക പരിശോധനയും നടത്തേണ്ടതുണ്ട്. LSGD അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്തിലെ പ്രവൃത്തികൾ റാൻഡമായി പരിശോധിക്കേണ്ടതാണെന്നും, ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (LSGD) എന്നിവർ എല്ലാ ഗ്രാമ പഞ്ചായത്തിലും റാൻഡമായി പരിശോധന നടത്തേണ്ടതാണെന്നും സൂചന സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന്, ബന്ധപ്പെട്ട എഞ്ചിനീയർമാർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഉള്ളടക്കം: സൂചന (1) പകർപ്പ്

ചീഫ് എഞ്ചിനീയർ

Sr/-

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം:ഡിഡി2/336/2020/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 11/01/2021

## സർക്കുലർ

വിഷയം:- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി (കേരളം) - ഫീൽഡുതല പരിശോധനകൾ കാര്യക്ഷമമായി നടത്തുന്നത് – സംബന്ധിച്ച്

സൂചന:- 1. 13/02/2008-ലെ ഗ്രാമവികസന കമ്മീഷണറുടെ സർക്കുലർ നമ്പർ 27809/NREG Cell/07/CRD

2. 27/05/2008-ലെ സർക്കാർ സർക്കുലർ നമ്പർ 33646/EPA3/08/ത.സ്വ.ഭ.വ

3. 31.01.2019-ലെ ഗ്രാമ വികസന കമ്മീഷണറുടെ സർക്കുലർ നമ്പർ 17232/EGSC/13/REGS

4. 01/01/2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 1/2020/ത.സ്വ.ഭ.വ

***********************

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാനത്ത് വളരെ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. പ്രളയം, കോവിഡ് തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിൽ ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് കൈത്താങ്ങാകുവാൻ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. തൊഴിൽ ദിനങ്ങൾ നല്കുന്നതോടൊപ്പം സാമൂഹ്യ ആസ്തികളും വ്യക്തിഗത ആസ്തികളും വൻതോതിൽ നിർമ്മിക്കുന്നതിനും തൊഴിലുറപ്പ പദ്ധതിയിൽ സാധിക്കുന്നു. ഇതിലൂടെ പദ്ധതിയിലെ സാധന സാമഗ്രികളുടെ ഉപയോഗം ആകെ ചിലവിന്റെ 30% ലേറെ ആയി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ പദ്ധതി സുതാര്യമായും, മാനദണ്ഡങ്ങൾക്കനുസൃതമായും, അർഹരായ കുടുംബങ്ങൾക്കുതന്നെ വ്യക്തിഗത ആസ്തികൾ ലഭ്യമാക്കുന്നുവെന്നും, എസ്റ്റിമേറ്റിൽ പറയും പ്രകാരമുള്ള അളവിൽ സാധന സാമഗ്രികൾ ഉപയോഗിച്ചാണ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതെന്നും ഉറപ്പാക്കേണ്ടത് പ്രധാനമാണ്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ മുൻ പരാമർശിക്കപ്പെട്ട കാര്യങ്ങളിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നതായി വിവിധ പരാതികൾ ഉയർന്നു വരുന്നുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണതലത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ ശ്രദ്ധയോടെ ചിട്ടപ്പെടുത്തിയും യഥാസമയങ്ങളിലുള്ള ഫീൽഡുതല പരിശോധനയിലൂടെ വ്യതിയാനങ്ങൾ കണ്ടെത്തി അപ്പപ്പോൾ പരിഹരിച്ചും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി സംസ്ഥാനത്ത് മാതൃകാപരമായി നടപ്പിലാക്കേണ്ടതുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ നിയമത്തിന്റെ 14.3(f)വകുപ്പ് പ്രകാരം പ്രവൃത്തികളുടെ സമയബന്ധിതമായ പരിശോധന ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർ മുഖാന്തിരം ഉറപ്പുവരുത്തുവാൻ നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിലുറപ്പ നിയമം ഒന്നാം പട്ടികയുടെ ഖണ്ഡിക 27 പ്രകാരം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നുന്നതിന് സ്ഥിരമായ ഫീൽഡുതല പരിശോധനയും

മേൽനോട്ടവും നടത്തുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ സൂചന (1) സർക്കുലർ പ്രകാരം പഞ്ചായത്തിലെ 100% പ്രവൃത്തികളുടെ പരിശോധനയ്ക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സൂചന (3) സർക്കുലർ പ്രകാരം സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് ഫീൽഡുതല പരിശോധനയ്ക്ക് ചുമതല നിർണ്ണയിച്ചു നല്കിയിട്ടുണ്ട്. സൂചന (4) സർക്കാർ ഉത്തരവ് പ്രകാരം LSGD എൻജിനിയറിങ് വിഭാഗത്തിനെ പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിലുള്ള സാങ്കേതിക മേൽനോട്ടത്തിനും ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളെ അപേക്ഷിച്ച് പൊതു ആസ്തികളിലും വ്യക്തിഗത ആസ്തികളിലും ഒപ്പം തന്നെ സാധന സാമഗ്രികളുടെ ഉപയോഗത്തിലും വന്ന വൻതോതിലുള്ള വർദ്ധനവിന്റെ പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പരിശോധനാ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടത് ആവശ്യമാണെന്നു കാണുന്നു. ഈ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഫീൽഡു തല പരിശോധന സംബന്ധിച്ച് നിലവിലുള്ള നിർദേശങ്ങൾക്ക് ഉപരിയായി ചുവടെ പറയുന്ന അധിക നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് രണ്ടു തരം പരിശോധനകൾ ഉണ്ടാകണം:-

A. പൊതു പരിശോധന

B. സാങ്കേതിക പരിശോധന

2. മേൽപരാമർശിക്കപ്പെട്ട പൊതുപരിശോധനയും സാങ്കേതികപരിശോധനയും പ്രവൃത്തി നിർവ്വഹണത്തിന്റെ താഴെ പറയും പ്രകാരമുള്ള മൂന്നു ഘട്ടങ്ങളിൽ നടത്തണം:-

A. പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ്

B. പ്രവൃത്തി നടക്കുമ്പോൾ

C. പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞ്

3. പൊതുപരിശോധന നടത്തേണ്ടത് താഴെപ്പറയുന്ന വിഭാഗം ഉദ്യോഗസ്ഥരാണ് :-

A) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ

B) അസിസ്റ്റന്റ് സെക്രട്ടറി

C) ഗ്രാമപഞ്ചായത്ത് സെക്രട്ടറി

D) എക്സ്റ്റൻഷൻ ഓഫീസർമാർ/ ജോയിൻറ് ബി.ഡി.ഒ (RH)

E) ജോയിൻറ് ബി.ഡി.ഒ (EGS)

F) ബ്ലോക്ക് പ്രോഗ്രാം ഓഫീസർ

G) ജില്ലാകളക്ടർ ചുമതലപ്പെടുത്തിയിട്ടുള്ള ജില്ലാതല ഉദ്യോഗസ്ഥർ

H) ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർ

i) ഗ്രാമ വികസന കമ്മീഷണർ ചുമതലപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല ഉദ്യോഗസ്ഥർ

4. സാങ്കേതിക പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥർ:-

A) ബ്ലോക്ക് അക്രഡിറ്റഡ് എൻജിനിയർ

B) LSGD അസിസ്റ്റൻറ് എൻജിനിയർ (ഗ്രാമപഞ്ചായത്ത്)

C) ബ്ലോക്ക് അസി.എക്സി. എഞ്ചിനീയർ (LSGD)

D) ജില്ലാ എൻജിനിയർ, MGNREGS

E) എക്സി. എഞ്ചിനീയർ PMU, PMGSY

F) ജില്ലാ - സംസ്ഥാനതല ക്വാളിറ്റി മോണിറ്റർമാർ

G) സ്റ്റേറ്റ് എൻജിനിയർ, MGNREGS

5. ഫീൽഡുതല പരിശോധന നടത്തുന്നതിന് VEO മാർക്ക് ഗ്രാമപഞ്ചായത്തിലെ വാർഡുകളുടെ ചുമതല നിശ്ചയിച്ച് ബി.പി.ഒമാർ ഉത്തരവാകേണ്ടതാണ്. ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസർമാർ/JBDO (RH) എന്നിവർക്ക് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയും ബി.പി.ഒമാർനിശ്ചയിച്ച് നല്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് സെക്രട്ടറി, സെക്രട്ടറി, LSGD അസിസ്റ്റൻറ് എൻ ജിനിയർ എന്നിവർ പഞ്ചായത്തിലെ പ്രവൃത്തികൾ റാൻഡമായി പരിശോധിക്കേണ്ടതാണ്. ബ്ലോക്ക് AE, JBDO(EGS), BPO, അസി.എക്സി. എഞ്ചിനീയർ (LSGD) മാർ എന്നിവർ എല്ലാ ഗ്രാമപഞ്ചായത്തിലും റാൻഡമായി പരിശോധന നടത്തേണ്ടതാണ്. ജില്ലാതല ഉദ്യോഗസ്ഥർക്കും ജില്ലാ ക്വാളിറ്റി മോണിറ്റർമാർക്കും ബ്ലോക്കുകളുടെ ചുമതല ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ നിശ്ചയിച്ച് നല്കേണ്ടതാണ്. ജില്ലാ എൻജിനിയർ, ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, എക്സി.എഞ്ചിനീയർ PMU, PMGSY എന്നിവർ റാൻഡമായി എല്ലാ ബ്ലോക്കുകളിലും പരിശോധന നടത്തേണ്ടതാണ്.

**6. പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള പരിശോധന**

**A. പൊതുപരിശോധന:-** പ്രധാനമായും തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, അസോളടാങ്ക്, കമ്പോസ്റ്റ് പിറ്റ്, സോക്ക്പിറ്റ് തുടങ്ങിയ വ്യക്തിഗത ആസ്തികളുടെ കാര്യത്തിലാണ് ഇപ്രകാരം

പരിശോധന നടത്തേണ്ടത്. താഴെപ്പറയുന്ന കാര്യങ്ങളാണ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടത്

a. ഗുണഭോക്താവിന്റെ തെരഞ്ഞെടുപ്പ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അർഹതാ മാനദണ്ഡ പ്രകാരമാണോ?

b. നിലവിലുള്ള ആസ്തികളുടെ ക്രമപ്പെടുത്തലിനോ അല്ലെങ്കിൽ പുനരുദ്ധാരണത്തിനോ വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് ആണോ?

c. ഗുണഭോക്താവിന്റെ യഥാർത്ഥ ആവശ്യം പരിഗണിച്ച തന്നെയാണോ ആസ്തി അനുവദിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുള്ളത്?

ഓരോ ഗ്രാമപഞ്ചായത്തിലും ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച കഴിഞ്ഞാൽ ചുമതലയുള്ള വി.ഇ.ഒ-മാർ വ്യക്തിഗത ആസ്തികൾക്ക് ശുപാർശ ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടത്തി നിർദ്ദിഷ്ട ഫോറത്തിൽ **(അനുബന്ധം-1)** സാക്ഷ്യപത്രം നൽകേണ്ടതാണ്.

തുടർന്ന് ഓരോ ഗ്രാമ പഞ്ചായത്തിൽ നിന്നും സൂക്ഷ്മപരിശോധനയ്ക്കായി B P O ലോഗിനിൽ ലഭിക്കുന്ന എസ്റ്റിമേറ്റുകളിൽ നിന്ന് റാൻഡമായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളെ താഴെപ്പറയും പ്രകാരം പരിശോധനാ വിധേയമാക്കണം.

i. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി - ഗ്രാമ പഞ്ചായത്തിലെ 10% ഗുണഭോക്താക്കൾ (എല്ലാ വാർഡുകളിലുമായി)

ii. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി - ഗ്രാമ പഞ്ചായത്തിലെ 5 % ഗുണഭോക്താക്കൾ (വിവിധ വാർഡുകളിലായി)

iii. ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ/JBDO (RH) - ചുമതലയുള്ള ഗ്രാമ പഞ്ചായത്തിലെ 5% ഗുണഭോക്താക്കൾ. (വിവിധ വാർഡുകളിൽ)

iv. JBDO (EGS) - ബ്ലോക്കിൽ ലഭിക്കുന്ന എസ്റ്റിമേറ്റുകളിൽ 10% ഗുണഭോക്താക്കൾ (എല്ലാ ഗ്രാമ പഞ്ചായത്തിൽ നിന്നും റാൻഡമായി തെരഞ്ഞെടുക്കണം)

v. BPO-ബ്ലോക്കിൽ ലഭിക്കുന്ന എസ്റ്റിമേറ്റുകളിൽ 5 % ഗുണഭോക്താക്കൾ (എല്ലാ ഗ്രാമ പഞ്ചായത്തിൽ നിന്നും റാൻഡമായി തെരഞ്ഞെടുക്കണം)

vi. ജില്ലാതല സൂക്ഷ്മപരിശോധനയ്ക്ക് എത്തുന്ന എസ്റ്റിമേറ്റുകളുടെ 1% ജില്ലാ എൻജിനിയറും, 0.5% ജോയിൻറ് പ്രോഗ്രാം കോർഡിനേറ്ററും പരിശോധനയ്ക്ക് വിധേയമാക്കണം.

vii. അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി, ബ്ലോക്ക് AE, എക്സ്റ്റൻഷൻ ഓഫീസർമാർ, ജോയിൻറ് ബി.ഡി.ഒ എന്നിവരുടെ പരിശോധനാ റിപ്പോർട്ട് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ശേഖരിച്ച് ക്രോഡീകരണ റിപ്പോർട്ട് BPO-യുടെ പരിശോധനാ റിപ്പോർട്ടിലെ വിവരങ്ങളും ചേർത്ത്

രണ്ടാഴ്ചയിലൊരിക്കൽ (ഓരോ മാസത്തിലെയും അഞ്ചാമത്തെയും ഇരുപതാമത്തെയും പ്രവൃത്തി ദിനത്തിൽ) ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. (പരിശോധനാ റിപ്പോർട്ടിന്റെ മാതൃക **അനുബന്ധം** 2 ആയും ക്രോഡീകരണ ഫോറം **അനുബന്ധം** 4 ആയും നല്കിയിരിക്കുന്നു) പരിശോധനയിലെ എന്തെങ്കിലും അപാകത കണ്ടെത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ അപാകത പരിഹരിച്ചതിന് ശേഷം മാത്രമേ ബ്ലോക്ക് ലോഗിനിൽ നിന്നും ജില്ലയിലേക്ക് സ്കൂട്ടിനിയ്ക്കായി അയയ്ക്കാൻ പാടുള്ളൂ.

viii. മേൽ പരിശോധന മൂലം പുതിയ പ്രവൃത്തികളുടെ സ്കൂട്ടിനിയിൽ കാലതാമസം വരുന്നത് ഒഴിവാക്കുന്നതിന് പ്രവൃത്തി തുടങ്ങാൻ ഉദ്ദേശ്ശിക്കുന്ന തിയതിക്ക് ഒരു മാസം മുമ്പെങ്കിലും ഗ്രാമപഞ്ചായത്തുകളിൽ നിന്നും എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബ്ലോക്കിലും ബ്ലോക്കിൽ നിന്ന് പ്രവൃത്തി തുടങ്ങാനുദ്ദേശിക്കുന്ന തീയതിയ്ക്ക് 1 0 ദിവസം മുമ്പെങ്കിലും ജില്ലയിലും സ്കൂട്ടിനിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

B. **സാങ്കേതിക പരിശോധന:-**

i ) പ്രധാനമായും റോഡുകളുടെയും മെറ്റീരിയൽ ഉപയോഗിച്ചുള്ള മറ്റ് പൊതു ആസ്തികളുടെയും നിർമാണവുമായി ബന്ധപ്പെട്ട പരിശോധനയാണ് നടത്തേണ്ടത്.

ii ) പ്രവൃത്തി തുടങ്ങുന്നതിനു മുമ്പ് എല്ലാ പ്രവൃത്തികളുടെയും നിർമ്മാണത്തിനായി ഇറക്കിയിട്ടുള്ള സാധനസാമഗ്രികൾ എസ്റ്റിമേറ്റിൽ പറഞ്ഞ അളവിലും ഗുണനിലവാരത്തിലും പ്രവൃത്തി സ്ഥലത്ത് ഇറക്കി സ്റ്റാക്ക് ചെയ്ത് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് ബ്ലോക്ക് അക്രഡിറ്റഡ് എൻജിനിയർ പരിശോധിച്ച് ഉറപ്പുവരുത്തുകയും സൈറ്റ് ഡയറിയിൽ അത് രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ എസ്റ്റിമേറ്റ് സൈറ്റ് കണ്ടീഷൻസ് അനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

iii) ഗ്രാമ പഞ്ചായത്തിലെ ആകെ റോഡ് അടക്കമുള്ള പൊതു മെറ്റീരിയൽ പ്രവൃത്തികളുടെ 10% ഗ്രാമ പഞ്ചായത്ത് LSGD AE പരിശോധിച്ച് സാധന സാമഗ്രികൾ എസ്റ്റിമേറ്റിൽ പറഞ്ഞ അളവിലും ഗുണനിലവാരത്തിലും പ്രവൃത്തി സ്ഥലത്ത് ഇറക്കി സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതും സൈറ്റ് ഡയറിയിൽ അത് രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ എസ്റ്റിമേറ്റ് സൈറ്റ് കണ്ടീഷൻസ് അനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതുമാണ്. ഇതിനായി തൊഴിലുറപ്പ പദ്ധതിയിൽ ഏറ്റെടുക്കുന്ന മുഴുവൻ മെറ്റീരിയൽ പൊതു പ്രവൃത്തികളുടെയും ലിസ്റ്റ് എസ്റ്റിമേറ്റ് പകർപ്പ് സഹിതം അക്രഡിറ്റഡ് ഓവർസിയർ/എൻജിനിയർ, LSGD AEയ്ക്ക് കൈമാറേണ്ടതാണ്.

iv ) ബ്ലോക്ക് പഞ്ചായത്തിലെ ആകെ, റോഡ് അടക്കമുള്ള പൊതു മെറ്റീരിയൽ പ്രവൃത്തികളുടെ 2% ബ്ലോക്ക് പഞ്ചായത്ത് LSGD അസി.എക്സി. എഞ്ചിനീയർ പരിശോധിച്ച് സാധന സാമഗ്രികൾ എസ്റ്റിമേറ്റിൽ പറഞ്ഞ അളവിലും ഗുണനിലവാരത്തിലും പ്രവൃത്തി സ്ഥലത്ത് ഇറക്കി സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതും സൈറ്റ് ഡയറിയിൽ അത് രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ എസ്റ്റിമേറ്റ് സൈറ്റ് കണ്ടീഷൻസ് അനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നതെന്ന്

പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിനായി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന മുഴുവൻ മെറ്റീരിയൽ പൊതു പ്രവൃത്തികളുടെയും ലിസ്റ്റ് എസ്റ്റിമേറ്റ് പകർപ്പ് സഹിതം, LSGD അസി.എക്സി.എഞ്ചിനിയർക്ക്, ബ്ലോക്ക് അക്രഡിറ്റഡ് എൻജിനിയർ കൈമാറേണ്ടതാണ്.

v ) ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് LSGD AE, ബ്ലോക്ക് LSGD അസി.എക്സി. എഞ്ചിനീയർ എന്നിവരുടെ പരിശോധനാ റിപ്പോർട്ട് പരിശോധനാ ഉദ്യോഗസ്ഥൻ **അനുബന്ധം-3** ആയി നൽകിയിട്ടുള്ള ഫോർമാറ്റിൽ രേഖപ്പെടുത്തേണ്ടതും ബി.പി.ഒ അത് ശേഖരിച്ച് **അനുബന്ധം- 4** ൽ പറഞ്ഞിട്ടുള്ള ഫോർമാറ്റിൽ ക്രോഡീകരിച്ച് രണ്ടാഴ്ചയിലൊരിക്കൽ ജെ.പി.സിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

**7. പ്രവൃത്തി നടക്കുമ്പോഴുള്ള പരിശോധന:-**

A - **പൊതു പരിശോധന:**- തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി നടക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധനാ വിധേയമാക്കണം -

a) തൊഴിലുറപ്പ് നിയമപ്രകാരം അനുവദനീയമായ പ്രവൃത്തിയാണോ?

b) മസ്റ്റർ റോൾ, എസ്റ്റിമേറ്റ്, സൈറ്റ് ഡയറി എന്നിവ പരിശോധനയ്ക്ക് ലഭ്യമാണോ?

c ) മസ്റ്റർ റോളിൽ ഉൾപ്പെട്ട തൊഴിലാളികൾ തന്നെയാണോ പ്രവൃത്തിയെടുക്കുന്നത്? ഹാജരാകാത്ത തൊഴിലാളികളുടെ വിവരം മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ? ഹാജർ രേഖപ്പെടുത്തിയ തൊഴിലാളികൾ എല്ലാം പ്രവൃത്തി സ്ഥലത്ത് സന്നിഹിതരാണോ?

d ) എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരമാണോ പ്രവൃത്തി നടക്കുന്നത്? തൊഴിലാളികൾക്ക് എസ്റ്റിമേറ്റ് അനുസരിച്ച് ഏറ്റെടുക്കേണ്ട പ്രവൃത്തിസംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടോ?

e ) പ്രവൃത്തി സ്ഥലത്ത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിഷ്കർഷിച്ച പ്രകാരമുള്ള CIB സ്ഥാപിച്ചിട്ടുണ്ടോ?

f ) പ്രവൃത്തി സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷാകിറ്റ്, തണൽ, ബൂട്ട്, കയ്യുറ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ടോ? 5 വയസ്സിനു താഴെയുള്ള അഞ്ചോ അതിലധികമോ കുട്ടികൾ ഉള്ളയിടങ്ങളിൽ ആയയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

g ) തൊഴിലാളികളുടെ ജോബ് കാർഡ് പണിസ്ഥലത്ത് ലഭ്യമാണോ? ജോബ് കാർഡിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ സമയബന്ധിതമായി വരുത്തിയിട്ടുണ്ടോ?

h) തൊഴിലുറപ്പ് നിയമപ്രകാരമുള്ള അവകാശങ്ങളെ സംബന്ധിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ബോധ്യമുണ്ടോ?

i) പരിശീലനം ലഭിച്ചയാൾ ആണോ മേറ്റായി നിയോഗിക്കപ്പെട്ടിട്ടുള്ളത്?

J) മേറ്റ് സ്വന്തം ഉത്തരവാദിത്വം ശരിയായി നിർവ്വഹിക്കുന്നുണ്ടോ?

പ്രവൃത്തി നടക്കുമ്പോഴുള്ള പൊതു പരിശോധന ചുവടെ പറയും പ്രകാരമുള്ള ഉദ്യോഗസ്ഥർ നടത്തണം: -

i) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ:- ചുമതലയുള്ള വാർഡുകളിലെ മുഴുവൻ പ്രവൃത്തികളും

ii) ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് സെക്രട്ടറി - ഗ്രാമ പഞ്ചായത്തിലെ 10% പ്രവൃത്തികൾ

iii) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി - ഗ്രാമ പഞ്ചായത്തിലെ 5% പ്രവൃത്തികൾ

iv) ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ/JBDO (RH) - ചുമതലയുള്ള ഗ്രാമ പഞ്ചായത്തിലെ 5% പ്രവൃത്തികൾ.

v) JBDO (EGS) - ബ്ലോക്കിൽ നടക്കുന്ന പ്രവൃത്തികളിൽ 10% (എല്ലാ ഗ്രാമ പഞ്ചായത്തിൽ നിന്നും റാൻഡമായി തെരഞ്ഞെടുക്കണം)

vi) BPO - ബ്ലോക്കിൽ നടക്കുന്ന പ്രവൃത്തികളിൽ 5% (എല്ലാ ഗ്രാമ പഞ്ചായത്തിൽ നിന്നും റാൻഡമായി തെരഞ്ഞെടുക്കണം)

vii) ജെ.പി.സി- ജില്ലയിൽ നടക്കുന്ന 1% പ്രവൃത്തികൾ

viii) ജോയിൻറ് ബി.ഡി.ഒ, ബി.പി.ഒ, ജെ.പി.സി എന്നിവർ ഫീൽഡുതല പരിശോധനയ്ക്കു പുറമേ ഗ്രാമ പഞ്ചായത്തുകൾ സന്ദർശിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിച്ച പ്രകാരമുള്ള വർക്ക് ഫയലുകൾ, എം-ബുക്കുകൾ, രജിസ്റ്ററുകൾ, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട രേഖകൾ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നു എന്നു പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

ix) ഇതിനു പുറമേ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ നിയോഗിക്കുന്ന ജില്ലാതല ഉദ്യോഗസ്ഥരും സൂചന 3 പ്രകാരം ഗ്രാമവികസന കമ്മിഷണർ നിയോഗിച്ചിട്ടുള്ള സംസ്ഥാന തല ഉദ്യോഗസ്ഥരും പരിശോധന നടത്തേണ്ടതാണ്.

x) വി.ഇ.ഒ, അസിസ്റ്റൻറ് സെക്രട്ടറി, സെക്രട്ടറി, എക്സ്റ്റൻഷൻ ഓഫീസർമാർ, ജോയിൻറ് ബി.ഡി.ഒ എന്നിവരുടെ പരിശോധനാ റിപ്പോർട്ട് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ശേഖരിച്ച് ബി.പി.ഒ പരിശോധനാ റിപ്പോർട്ടിലെ വിവരങ്ങളും ചേർത്ത് ക്രോഡീകരണ റിപ്പോർട്ടു സഹിതം രണ്ടാഴ്ചയിലൊരിക്കൽ (ഓരോ മാസത്തിലെയും അഞ്ചാമത്തെയും ഇരുപതാമത്തെയും പ്രവൃത്തി ദിനത്തിൽ) ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. ജോയിൻറ് പ്രോഗ്രാം കോർഡിനേറ്ററുടെ പരിശോധനാ റിപ്പോർട്ട് രണ്ടാഴ്ചയിലൊരിക്കൽ മിഷൻ ഡയറക്ടർക്ക് സമർപ്പിക്കണം. (പരിശോധനാ റിപ്പോർട്ടിന്റെ മാതൃക **അനുബന്ധം 5** ആയും ക്രോഡീകരണ ഫോറം **അനുബന്ധം 7** ആയും നല്കിയിരിക്കുന്നു)

B. സാങ്കേതിക പരിശോധന:-

i ) ബ്ലോക്കിൽ നടക്കുന്ന മെറ്റീരിയൽ ഉപയോഗിച്ചുള്ള എല്ലാ പൊതു ആസ്തി നിർമ്മാണ പ്രവൃത്തികളുടെയും സാങ്കേതിക പരിശോധന ബ്ലോക്ക് അക്രഡിറ്റഡ് എൻജിനിയർ നടത്തേണ്ടതാണ്. പ്രവൃത്തിയിൽ ഉപയോഗിക്കുന്ന സാധന സാമഗ്രികൾ എസ്റ്റിമേറ്റിൽ പറഞ്ഞ അളവിലും ഗുണനിലവാരത്തിലും ആണോയെന്ന് ബ്ലോക്ക് അക്രഡിറ്റഡ് എൻജിനിയർ പരിശോധിച്ച് ഉറപ്പ വരുത്തുകയും സൈറ്റ് ഡയറിയിൽ അത് രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ബ്ലോക്കിൽ നടക്കുന്ന മറ്റു പ്രവൃത്തികളുടെ 10% ഉം ബ്ലോക്ക് A E സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

iii) ഗ്രാമ പഞ്ചായത്തിലെ മെറ്റീരിയൽ ഉപയോഗിച്ചുള്ള ആകെ പൊതു പ്രവൃത്തികളുടെ 10% ഗ്രാമ പഞ്ചായത്ത് LSGD AE പരിശോധിച്ച് സാധന സാമഗ്രികൾ എസ്റ്റിമേറ്റിൽ പറഞ്ഞ അളവിലും ഗുണനിലവാരത്തിലും ഉപയോഗിക്കുന്നുണ്ടെന്നും എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി നടക്കുന്നതെന്നും ഉറപ്പ വരുത്തേണ്ടതും സൈറ്റ് ഡയറിയിൽ അത് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനായി തൊഴിലുറപ്പ പദ്ധതിയിൽ മെറ്റീരിയൽ ഉപയോഗിച്ച് ഏറ്റെടുക്കുന്ന മുഴുവൻ പൊതു പ്രവൃത്തികളുടെയും ലിസ്റ്റ് എസ്റ്റിമേറ്റ് പകർപ്പ് സഹിതം, LSGD AE യ്ക്ക്, അക്രഡിറ്റഡ് ഓവർസിയർ/എൻജിനിയർ കൈമാറേണ്ടതാണ്.

iv) ബ്ലോക്ക് പഞ്ചായത്തിലെ മെറ്റീരിയൽ ഉപയോഗിച്ചുള്ള ആകെ പൊതു പ്രവൃത്തികളുടെ 2% ബ്ലോക്ക് പഞ്ചായത്ത് LSGD അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് സാധന സാമഗ്രികൾ എസ്റ്റിമേറ്റിൽ പറഞ്ഞ അളവിലും ഗുണനിലവാരത്തിലും ഉപയോഗിക്കുന്നുണ്ടെന്നും എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി നടക്കുന്നതെന്നും ഉറപ്പ വരുത്തേണ്ടതും സൈറ്റ് ഡയറിയിൽ അതു രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനായി തൊഴിലുറപ്പ പദ്ധതിയിൽ മെറ്റീരിയൽ ഉപയോഗിച്ച് ഏറ്റെടുക്കുന്ന മുഴുവൻ പൊതു പ്രവൃത്തികളുടെയും ലിസ്റ്റ് എസ്റ്റിമേറ്റ് പകർപ്പ് സഹിതം, ബ്ലോക്ക് L S G D അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്, ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനിയർ കൈമാറേണ്ടതാണ്.

v) ജില്ലയിൽ നടക്കുന്ന മെറ്റീരിയൽ ഉൾപ്പെടുന്ന പൊതുപ്രവൃത്തികളുടെ 1% വും മറ്റു പ്രവൃത്തികളുടെ 0.5% ഉം ജില്ലാ എൻജിനിയർമാർ സാങ്കേതിക പരിശോധന നടത്തേണ്ടതാണ്.

vi) ജില്ലയിൽ നടക്കുന്ന മെറ്റീരിയൽ ഉൾപ്പെടുന്ന പൊതു പ്രവൃത്തികളുടെ 0.5% എക്സി. എഞ്ചിനീയർ PMU, PMGSY സാങ്കേതിക പരിശോധന നടത്തേണ്ടതാണ്.

vii) ജില്ലാ സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാർ അവർക്ക് നിശ്ചയിച്ചു നല്കപ്പെടുന്ന എണ്ണം പ്രവൃത്തികൾ സാങ്കേതിക പരിശോധന നടത്തേണ്ടതാണ്.

viii) സ്റ്റേറ്റ് എൻജിനിയർ സംസ്ഥാനത്തിലെ ആകെ പ്രവൃത്തികളുടെ 0.05% പ്രവൃത്തികൾ റാൻഡമായി സാങ്കേതിക പരിശോധന നടത്തേണ്ടതാണ്.

I X ) ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് LSGD AE, Block LSGD

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ പരിശോധനാ റിപ്പോർട്ട് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ശേഖരിച്ച് ക്രോഡീകരണ റിപ്പോർട്ടു സഹിതം രണ്ടാഴ്ചയിലൊരിക്കൽ (ഓരോ മാസത്തിലെയും അഞ്ചാമത്തെയും ഇരുപതാമത്തെയും പ്രവൃത്തി ദിനത്തിൽ) ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ എൻജിനിയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, PMGSY ജില്ലാ ക്വാളിറ്റി മോണിറ്റർമാർ എന്നിവർ പരിശോധനാ റിപ്പോർട്ട് രണ്ടാഴ്ചയിലൊരിക്കൽ ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർക്കും സ്റ്റേറ്റ് എൻജിനിയർ, സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാർ എന്നിവർ മിഷൻ ഡയറക്ടർക്കും പരിശോധനാ റിപ്പോർട്ട് രണ്ടാഴ്ചയിലൊരിക്കൽ സമർപ്പിക്കേണ്ടതാണ്. (പരിശോധനാ റിപ്പോർട്ടിന്റെ മാതൃക **അനുബന്ധം 6** ആയും ക്രോഡീകരണ ഫോറം **അനുബന്ധം** 7 ആയും നല്കിയിരിക്കുന്നു)

**8. പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞുള്ള പരിശോധന:-**

A . പൊതു പരിശോധന: - പ്രവൃത്തി അവസാനിച്ചു കഴിഞ്ഞാൽ പൊതു പരിശോധനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധനാ വിധേയമാക്കണം -

a) എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ നടന്നിട്ടുണ്ടോ?

b) പ്രവൃത്തിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും അടങ്ങിയ CIB സ്ഥാപിച്ചിട്ടുണ്ടോ?

c) തുടർപരിപാലനം ആവശ്യമുള്ള പ്രവൃത്തികളിൽ അത് ഉറപ്പു വരുത്തിയിട്ടുണ്ടോ?

d) പ്രവൃത്തി ഫയലുകളും രേഖകളും ശരിയായി എഴുതി സൂക്ഷിച്ചിട്ടുണ്ടോ?

പ്രവൃത്തി പൂർത്തീകരിച്ച ശേഷമുള്ള പൊതു പരിശോധന താഴെപ്പറയും പ്രകാരം നടത്തേണ്ടതാണ്:-

i) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ:- ചുമതലയുള്ള വാർഡുകളിലെ 30% പ്രവൃത്തികൾ

ii) ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് സെക്രട്ടറി - ഗ്രാമ പഞ്ചായത്തിലെ 10% പ്രവൃത്തികൾ

iii) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി - ഗ്രാമ പഞ്ചായത്തിലെ 5% പ്രവൃത്തികൾ

iv) ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ/JBDO (RH) - ചുമതലയുള്ള ഗ്രാമ പഞ്ചായത്തിലെ 5% പ്രവൃത്തികൾ.

v) JBDO (EGS) - ബ്ലോക്കിലെ പ്രവൃത്തികളിൽ 10% (എല്ലാ ഗ്രാമ പഞ്ചായത്തിൽ നിന്നും റാൻഡമായി തെരഞ്ഞെടുക്കണം)

vi) BPO - ബ്ലോക്കിലെ പ്രവൃത്തികളിൽ 5% (എല്ലാ ഗ്രാമ പഞ്ചായത്തിൽ നിന്നും റാൻഡമായി തെരഞ്ഞെടുക്കണം)

vii) ജില്ലയിലെ പ്രവൃത്തികളുടെ 0.5% ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർ പരിശോധനയ്ക്ക്

വിധേയമാക്കണം

viii) സൂചന 3 പ്രകാരം ഗ്രാമവികസന കമ്മിഷണർ നിയോഗിച്ചിട്ടുള്ള സംസ്ഥാനതല ഉദ്യോഗസ്ഥരും പരിശോധന നടത്തേണ്ടതാണ്.

B . വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റൻറ് സെക്രട്ടറി, സെക്രട്ടറി, എക്സ്റ്റൻഷൻ ഓഫീസർമാർ, ജോയിൻറ് ബി.ഡി.ഒ എന്നിവരുടെ പരിശോധനാ റിപ്പോർട്ട് ബി.പി.ഒ ശേഖരിച്ച് ക്രോഡീകരണ റിപ്പോർട്ട് സഹിതം രണ്ടാഴ്ചയ്ക്കുള്ളിൽ (ഓരോ മാസത്തേയും അഞ്ചാമത്തെയും ഇരുപതാമത്തെയും പ്രവൃത്തിദിനം) ജെ.പി.സിയ്ക്ക് സമർപ്പിക്കേണ്ടതാണ്. (പരിശോധനാ റിപ്പോർട്ടിന്റെ മാതൃക **അനുബന്ധം- 8** ആയും ക്രോഡീകരണ ഫോറത്തിൻറെ മാതൃക **അനുബന്ധം- 10** ആയും നൽകിയിരിക്കുന്നു)

**B. സാങ്കേതിക പരിശോധന:-**

പ്രവൃത്തി പൂർത്തീകരിച്ച കഴിഞ്ഞുള്ള സാങ്കേതിക പരിശോധന പ്രധാനമായും റോഡ് നിർമ്മാണത്തിലും മെറ്റീരിയൽ ഘടകം കൂടുതലായുള്ള മറ്റു നിർമ്മാണ പ്രവൃത്തികളിലും ആണ് ആവശ്യമായിട്ടുള്ളത്. റോഡ് നിർമ്മാണത്തിനായി എസ്റ്റിമേറ്റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അളവിലുള്ള സാധനങ്ങൾ ഉപയോഗിച്ച് വേണ്ട നീളത്തിലും വീതിയിലും ഘനത്തിലുമാണോ നിർമ്മാണം നടന്നിട്ടുള്ളത് എന്നത് പരിശോധനാ വിധേയമാക്കണം. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) പോലെ ഏറിയ പങ്കും പ്രീ-ഫാബ്രിക്കേറ്റഡ് ഘടകങ്ങളുള്ള പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള ഗുണനിലവാരമുള്ള സാധനങ്ങളാണോ എന്നും കൃത്യം അളവിലാണോ നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്നതെന്നും പരിശോധിച്ച് ഉറപ്പു വരുത്തണം. പ്രവൃത്തി പൂർത്തീകരിച്ച ശേഷമുള്ള സാങ്കേതിക പരിശോധന താഴെപ്പറയും പ്രകാരം നടത്തേണ്ടതാണ്:-

i) ബ്ലോക്ക് AE- ബ്ലോക്കിലെ റോഡുകളുടെ 20%, മിനി MCF കളുടെ 100%, മറ്റു മെറ്റീരിയിൽ പ്രവൃത്തികളുടെ 10%

ii). ഗ്രാമപഞ്ചായത്ത് LSGD AE - പഞ്ചായത്തിലെ റോഡുകൾ ഉൾപ്പെടെയുള്ള മെറ്റീരിയൽ പ്രവൃത്തികളുടെ 10%

iii) ബ്ലോക്ക് അസി. എക്സി. എഞ്ചിനീയർ LSGD- ബ്ലോക്കിലെ റോഡുകൾ ഉൾപ്പെടെയുള്ള മെറ്റീരിയൽ പ്രവൃത്തികളുടെ 2%

iv) ജില്ലാ എൻജിനിയർ - ജില്ലയിലെ മെറ്റീരിയൽ പ്രവൃത്തികളുടെ 1%

v) എക്സി. എഞ്ചിനീയർ PMU, PMGSY- ജില്ലയിലെ മെറ്റീരീയൽ ഉപയോഗിച്ചുള്ള പൊതു പ്രവൃത്തികളുടെ 0.05%

vi) ജില്ലാ - സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാർ - ചുമതലപ്പെടുത്തുന്ന എണ്ണം പ്രവൃത്തികൾ

vii) സ്റ്റേറ്റ് എൻജിനിയർ - സംസ്ഥാനത്തെ ആകെ മെറ്റീരിയൽ പ്രവൃത്തികളുടെ 0.05%

ബ്ലോക്ക് AE, ഗ്രാമ പഞ്ചായത്ത് LSGD അസി.എഞ്ചിനിയർ എന്നിവരുടെ പരിശോധനാ റിപ്പോർട്ട് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ശേഖരിച്ച് ക്രോഡീകരണ റിപ്പോർട്ടു സഹിതം രണ്ടാഴ്ചയിലൊരിക്കൽ (ഓരോ മാസത്തിലെയും അഞ്ചാമത്തെയും ഇരുപതാമത്തെയും പ്രവൃത്തി ദിനത്തിൽ) ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ എൻജിനിയർ, ജില്ലാ ക്വാളിറ്റി മോണിറ്റർമാർ, എക്സി. എഞ്ചിനീയർ, PMGSY എന്നിവർ പരിശോധനാ റിപ്പോർട്ട് രണ്ടാഴ്ചയിലൊരിക്കൽ ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർക്കും സ്റ്റേറ്റ് എൻജിനിയർ, സ്റ്റേറ്റ് ക്വാളിറ്റിമോണിറ്റർമാർ എന്നിവർ മിഷൻ ഡയറക്ടർക്കും പരിശോധനാ റിപ്പോർട്ട് രണ്ടാഴ്ചയിലൊരിക്കൽ സമർപ്പിക്കേണ്ടതാണ്. (പരിശോധനാ റിപ്പോർട്ടിന്റെ മാതൃക **അനുബന്ധം 9** ആയും ക്രോഡീകരണ ഫോറം **അനുബന്ധം 10** ആയും നല്കിയിരിക്കുന്നു)

മുകളിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഫീൽഡുതല പരിശോധനകൾ നടക്കുന്നുവെന്ന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരും ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാരും ഉറപ്പു വരുത്തേണ്ടതാണ്. ഫീൽഡുതല പരിശോധന സംബന്ധിച്ച റിപ്പോർട്ട് രണ്ടാഴ്ചയിലൊരിക്കൽ (എല്ലാ പത്താമത്തെയും ഇരുപത്തി അഞ്ചാമത്തെയും പ്രവൃത്തി ദിനത്തിൽ) ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർമാർ സംസ്ഥാന മിഷനിൽ നിശ്ചിത പ്രൊഫോർമയിൽ (**അനുബന്ധം 11**) സമർപ്പിക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട ഗുരുതരസ്വഭാവത്തിലുള്ള ക്രമക്കേടുകൾ, പണാപഹരണം തുടങ്ങിയവ പരിശോധനാ വേളയിൽ കണ്ടെത്തുകയാണെങ്കിൽ അതു പ്രത്യേക റിപ്പോർട്ടായി സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതും ആയവ സംബന്ധിച്ച് ദേശീയ തൊഴിലുറപ്പ് നിയമത്തിലും മാർഗ്ഗനിർദ്ദേശങ്ങളിലും വ്യക്തമാക്കപ്പെട്ടിട്ടുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി, തിരുവനന്തപുരം
എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ/ ജില്ലാ കളക്ടർമാർക്കും
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), തിരുവനന്തപുരം
വെബ് & ന്യൂമീഡിയ (ഐ&പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.01.12 12:14:25 IST
Reason: Approved

സെക്ഷൻ ഓഫീസർ.

## അനുബന്ധം 1

### സാക്ഷ്യപത്രം

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ---------------------------- ആനുകൂല്യം ലഭിക്കുന്നതിനു വേണ്ടി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ശ്രീ/ശ്രീമതി-------------------------------------------(പേരും വിലാസവും തൊഴിൽക്കാർഡ് നമ്പറും) എന്നയാൾ തൊഴിലുറപ്പ് നിയമം ഒന്നാം പട്ടികയുടെ അഞ്ചാം ഖണ്ഡിക പ്രകാരം നിർവചിക്കപ്പെട്ടിട്ടുള്ള അർഹതാ മാനദണ്ഡത്തിൽ ഉൾപ്പെടുന്ന കുടുംബം ആണെന്നും ടി കുടുംബത്തിനു ഇപ്പോൾ നല്കാൻ നിർദേശിക്കപ്പെട്ടിട്ടുള്ള ആസ്തി നിലവിൽ ഇല്ലാത്തതാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ടി കുടുംബം താഴെപ്പറയുന്ന വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്:-

പട്ടികജാതി/പട്ടികവർഗം/നാടോടിഗോത്രം/ഡിനോട്ടിഫൈഡ്ഗോത്രം/മറ്റുബിപിഎൽകുടുംബം/സ്ത്രീഗൃഹനാഥകുടുംബം/ഭിന്നശേഷിഗൃഹനാഥകുടുംബം/ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്തൃ കുടുംബം/ഇന്ദിരാആവാസ് യോജന ഗുണഭോക്താവ്/ വനാവകാശ നിയമ ഗുണഭോക്താവ്/ചെറുകിട നാമമാത്ര കർഷകൻ (ബാധകമായത് മാത്രം ടിക് ചെയ്യുക)

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരും ഒപ്പും തീയതിയും

അനുബന്ധം 2

## പ്രവൃത്തി തുടങ്ങുന്നതിനു മുൻപുള്ള പൊതു പരിശോധനാ റിപ്പോർട്ട്

ജില്ല :

ബ്ലോക്ക് :

ഗ്രാമ പഞ്ചായത്ത് :

പരിശോധനാ ഉദ്യോഗസ്ഥന്റെ പേര് :

ഔദ്യോഗിക വിലാസം :

പരിശോധനാ തീയതി :

പരിശോധന നടത്തുന്ന പ്രവൃത്തിയുടെ പേര്:

പ്രവൃത്തി കോഡ്:

ഗുണഭോക്താവിന്റെ പേരും വിലാസവും:

തൊഴിൽകാർഡ് നമ്പർ:

അടങ്കൽ തുക:

വേതന ഘടകം തുക:

സാധന ഘടകം തുക:

ഗുണഭോക്തൃ കുടുംബം തൊഴിലുറപ്പ് നിയമപ്രകാരം വ്യക്തിഗത ആനുകൂല്യം ലഭിക്കാൻ അർഹതയുള്ള കുടുംബം ആണോ: ആണ് / അല്ല

(a) ആണെങ്കിൽ ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു: പട്ടികജാതി/പട്ടിക വർഗം/നാടോടിഗോത്രം/ഡിനോട്ടിഫൈഡ് ഗോത്രം/മറ്റു ബിപിഎൽ കുടുംബം/സ്ത്രീ ഗൃഹനാഥ കുടുംബം/ഭിന്നശേഷി ഗൃഹ നാഥ കുടുംബം/ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്തൃ കുടുംബം/ഇന്ദിരാ ആവാസ് യോജന ഗുണഭോക്താവ്/ വനാവകാശ നിയമ ഗുണഭോക്താവ്/ചെറുകിട നാമമാത്ര കർഷകൻ (ബാധകമായത് മാത്രം ടിക് ചെയ്യുക)
(b) ഗുണഭോക്താവിന് നിർദേശിക്കപ്പെട്ട ആസ്തി നിലവിൽ ഉള്ളതാണോ?:
(c) ഗുണഭോക്താവിന്റെ യഥാർത്ഥ ആവശ്യം പരിഗണിച്ചാണോ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്:
(d) ഗുണഭോക്താവ് അർഹതയില്ലാത്ത കുടുംബമെങ്കിൽ കാരണം വ്യക്തമാക്കുക
(e) മറ്റു അഭിപ്രായം :

പരിശോധനാ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും തീയതിയും

## അനുബന്ധം 3

## പ്രവൃത്തി തുടങ്ങുന്നതിനു മുൻപുള്ള സാങ്കേതിക പരിശോധനാ റിപ്പോർട്ട്

ജില്ല :

ബ്ലോക്ക് :

ഗ്രാമ പഞ്ചായത്ത് :

പരിശോധനാ ഉദ്യോഗസ്ഥന്റെ പേര് :

ഔദ്യോഗിക വിലാസം :

പരിശോധനാ തീയതി :

പരിശോധന നടത്തുന്ന പ്രവൃത്തിയുടെ പേര്:

പ്രവൃത്തി കോഡ്:

അടങ്കൽ തുക:

വേതന ഘടകം തുക:

സാധന ഘടകം തുക:

എസ്റ്റിമേറ്റ് സൈറ്റ് കണ്ടിഷൻ അനുസരിച്ചും നിർദിഷ്ട പ്രവൃത്തിയുടെ ആവശ്യകത കണക്കിലെടുത്തും ആണോ തയ്യാറാക്കിയിട്ടുള്ളത് - ആണ്/അല്ല

അല്ല എങ്കിൽ കണ്ടെത്തിയ പോരായ്മകൾ എന്തെല്ലാം

പ്രവൃത്തി സ്ഥലത്ത് എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിലും ഗുണത്തിലും സാധന സാമഗ്രികൾ ഇറക്കി സ്റ്റാക്ക് ചെയ്തിട്ടുണ്ടോ

ആയത് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോ

സാധനസാമഗ്രികൾ എസ്റ്റിമേറ്റ് പ്രകാരം ഇറക്കിയിട്ടില്ലെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുക:

മറ്റെന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

പരിശോധനാ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും തീയതിയും

**അനുബന്ധം 4**

**പ്രവൃത്തി തുടങ്ങുന്നതിനു മുൻപുള്ള പൊതു/സങ്കേതികപരിശോധനയുടെ ക്രോഡീകരണഫോറം**

ജില്ല:
ബ്ലോക്ക്:
ഗ്രാമപഞ്ചായത്ത് 1 :

| പൊതു പരിശോധന | | | | | സാങ്കേതിക പരിശോധന | | | | |
|---|---|---|---|---|---|---|---|---|---|
| പരിശോധനാ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധിച്ച പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരം എന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരം അല്ല എന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | പരിശോധനാ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധിച്ച പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരംഎന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരം അല്ല എന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം |
| അസിസ്റ്റന്റ് സെക്രട്ടറി | | | | | ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനീയർ | | | | |
| സെക്രട്ടറി | | | | | ഗ്രാമ പഞ്ചായത്ത് LSGDAE | | | | |
| എക്സ്റ്റൻഷൻ ഓഫീസർ | | | | | അസിസ്റ്റന്റ് എക്സി എഞ്ചിനീയർ LSGD | | | | |
| ജോയിന്റ് ബി ഡി ഓ (ആർ എച്ച്) | | | | | | | | | |
| ജോയിന്റ് ബി ഡി ഓ (ആർ ഇ ജി എസ്സ്) | | | | | | | | | |
| ബി പി ഓ | | | | | | | | | |
| ആകെ | | | | | | | | | |

ഗ്രാമപഞ്ചായത്ത് 2:

ഗ്രാമപഞ്ചായത്ത് 3:

ക്രമപ്രകാരമല്ലായെന്ന കണ്ടെത്തലുകളിലെ പ്രധാന പോരായ്മകൾ എന്തെല്ലാം?

(a) പൊതു പരിശോധന:
(b) സാങ്കേതിക പരിശോധന:

ബിപിഒ യുടെ പേരും ഒപ്പും തീയതിയും

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവൃത്തി നടക്കുമ്പോഴുള്ള ഫീൽഡ് തല പരിശോധനാ റിപ്പോർട്ട്

| പരിശോധനാ തലം ( ) | |
|---|---|
| സംസ്ഥാനം | ☐ |
| ജില്ല | ☐ |
| ബ്ലോക്ക് | ☐ |
| ഗ്രാമപഞ്ചായത്ത് | ☐ |

| ജില്ല | ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| പരിശോധനാ ഉദ്യോഗസ്ഥന്റെ പേര് | | |
| ഔദ്യോഗിക വിലാസം | | |
| പരിശോധന തീയതി | | |

| 1. | സന്ദർശനം നടത്തുന്ന പ്രവൃത്തി സംബന്ധിച്ചു പൊതു വിവരം | |
|---|---|---|
| എ) | പേര് | |
| ബി) | പ്രവൃത്തികോഡ് | |
| സി) | പ്രവൃത്തി അടങ്കൽ (രൂപ) | |
| ഡി) | വേതന ഘടകം (രൂപ) | |

| | | |
|---|---|---|
| ഇ) | സാധന ഘടകം | |
| എഫ്) | സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനങ്ങൾ | |
| 2. | സൈറ്റ് ഡയറി | |
| എ) | ഡയറിയിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടോ? | ഉണ്ട് ☐ ഇല്ല ☐ |
| ബി) | പ്രോജക്ട് ഇനിഷിയേഷൻ മീറ്റിംഗ് നടന്നുവോ? | ഉവ്വ് ☐ ഇല്ല ☐ |
| 3 | എസ്റ്റിമേറ്റും പ്രവൃത്തിയും | |
| എ) | എസ്റ്റിമേറ്റ് പ്രവൃത്തിസ്ഥലത്ത് ലഭ്യമാണോ ? | ഉണ്ട് ☐ ഇല്ല ☐ |
| ബി) | ജനകീയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| സി) | എസ്റ്റിമേറ്റിൽ വിവക്ഷിക്കുന്ന സ്ഥലത്തു തന്നെയാണോ പ്രവൃത്തി സംഘടിപ്പിക്കുന്നത് ? | അതെ ☐ അല്ല ☐ |
| ഡി) | ചെയ്യേണ്ട പ്രവൃത്തി സംബന്ധിച്ച് തൊഴിലാളികൾക്ക് ധാരണയുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| ഇ) | എസ്റ്റിമേറ്റിലെ ഘടകങ്ങൾ പ്രകാരമാണോ പ്രവൃത്തി നടന്നു വരുന്നത് ? | അതെ ☐ അല്ല ☐ |
| 4 | മസ്റ്റർറോൾ | |
| എ) | ബി.പി.ഒ ഒപ്പ് വച്ചാണോ ഇഷ്യൂ ചെയ്തിട്ടുള്ളത് ? | അതെ ☐ അല്ല ☐ |
| ബി) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പ് വച്ചിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| സി) | മസ്റ്റർറോളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം | |
| ഡി) | ഹാജരുള്ളവരുടെ എണ്ണം | |
| ഇ) | കൈ ഒപ്പു തന്നെയാണോ ഹാജർ രേഖപ്പെടുത്താൻ ഉപയോഗിക്കുന്നത് ? | അതെ ☐ അല്ല ☐ |
| എഫ്) | തിരുത്തലുകൾ ഉണ്ടോ? | ഉണ്ട് ☐ ഇല്ല ☐ |
| ജി) | ആൾമാറാട്ടം ഉണ്ടോ? | ഉണ്ട് ☐ ഇല്ല ☐ |

| | | |
|---|---|---|
| എച്ച്) | ഹാജരില്ലാത്ത പേരുകൾക്ക് നേരെ മാർക്ക് ചെയ്തിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| **5** | **ജോബ്കാർഡ്** | |
| എ) | പണിയെടുക്കുന്നവർക്കെല്ലാം ജോബ്കാർഡ് ഉണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| ബി) | ജോബ്കാർഡ് സൂക്ഷിക്കുന്നതാര് ? | തൊഴിലാളി ☐<br>മെയ്റ്റ് ☐ |
| സി) | ജോബ്കാർഡിലെ വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| **6** | **മെയ്റ്റ്** | |
| എ) | മെയ്റ്റിന്റെ പേരും ജോബ്കാർഡ് നമ്പരും | |
| ബി) | മെയ്റ്റിന്റെ കുടുംബശ്രീ ഭാരവാഹിത്വം | |
| സി) | മെയ്റ്റിന് പരിശീലനം കിട്ടിയിട്ടുണ്ടോ? | ഉണ്ട് ☐ ഇല്ല ☐ |
| ഡി) | എത്ര ദിവസം പരിശീലനം ലഭിച്ചു | |
| ഇ) | എത്ര ദിവസമായി തുടരുന്നു | |
| എഫ്) | എത്ര ദിവസം തൊഴിലാളിയായി പ്രവൃത്തിച്ചിട്ടുണ്ട് ? | |
| ജി) | 14 ദിവസം കഴിയുമ്പോൾ മെയ്റ്റ് മാറുന്നുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| എച്ച്) | മെയ്റ്റ് പ്രാപ്തയാണെന്ന് ബോധ്യപ്പെടുന്നുവോ ? | ഉവ്വ് ☐ ഇല്ല ☐ |
| ഐ) | മെയ്റ്റിന്റെ പ്രവർത്തനത്തിൽ തൊഴിലാളികൾ സംതൃപ്തരാണോ ? | അതെ ☐ അല്ല ☐ |
| **7** | **പ്രവൃത്തി സ്ഥല സൗകര്യങ്ങൾ** | |
| എ) | തണൽ സൗകര്യം ഒരുക്കിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| ബി) | പ്രാഥമിക ശുചിത്വ സൗകര്യം ഒരുക്കിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| സി) | കുടിവെള്ളം ഒരുക്കിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |

| | | |
|---|---|---|
| ഡി) | ഫസ്റ്റ് എയ്ഡ് ബോക്സ് ഉണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| | ശ) മരുന്നുകളും മറ്റ് സാധനങ്ങളും ആവശ്യത്തിനുണ്ടോ? | ഉണ്ട് ☐ ഇല്ല ☐ |
| | ശശ) അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയറുടെ അംഗീകാരപ്രകാരമാണോ മരുന്നുകൾ വാങ്ങിയത് ? | അതെ അല്ല |
| 8 | കേന്ദ്ര സർക്കാർ നിർദ്ദേശിച്ച മാതൃകയിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലത്ത് ഉണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| 9 | പണിയായുധങ്ങൾ ഉടമസ്ഥത | തൊഴിലാളികൾ<br>പഞ്ചായത്ത് ☐<br>എ.ഡി.എസ് ☐ |
| 10 | പ്രവൃത്തി നിർവ്വഹണത്തിനായി മെഷീനറി ഉപയോഗിച്ചിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| 11 | പ്രവൃത്തിയിൽ കോൺട്രാക്ടർമാരുടെ സാന്നിധ്യമെന്തങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഉണ്ട് ☐ ഇല്ല ☐ |
| 12 | തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ പ്രവൃത്തിലഭ്യമായിട്ടുണ്ടോ, വേതനം ലഭിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ എന്നീ വിഷയത്തെപ്പറ്റി പ്രതിപാദിക്കുക : | |
| 13 | ഈ പ്രവൃത്തി ഇതിനു മുന്നേ ആരെല്ലാം പരിശോധിച്ചിട്ടുണ്ട് : (പേരും ഔദ്യോഗിക സ്ഥാനവും) | |

| ക്രമനം | പേര് | ഔദ്യോഗിക സ്ഥാനം |
|---|---|---|
| | | |
| | | |
| | | |

സ്ഥലം:

പരിശോധന ഉദ്യോഗസ്ഥന്റെ പേര്:

തീയതി:

തസ്തിക :

മൊബൈ. നം:

**കുറിപ്പ്**

1. ഓരോ ഇനങ്ങളെ സംബന്ധിച്ച അപാകതകൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ പ്രത്യേകമായി തയ്യാറാക്കി റിപ്പോർട്ടിനൊപ്പം നൽകണം.
2. ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് ഫയലുകളും രേഖകളും പരിശോധിച്ച് പരിശോധിക്കുന്ന ഉദ്യോഗസ്ഥരുടെ വിലയിരുത്തൽ കുറിപ്പ് പ്രത്യേകമായി തയ്യാറാക്കി സമർപ്പിക്കണം. ഫയലുകളുടെ സൂക്ഷിപ്പ്, തൊഴിലാളികളുടെ അവകാശ സംരക്ഷണം, ജോബ്കാർഡ് നൽകൽ, തൊഴിൽ യഥാസമയം നൽകൽ, നിശ്ചിത കാലയളവിനുള്ളിൽ വേതന വിതരണം, മെയ്റ്റുമാരുടെ പ്രവർത്തനം, അക്രഡിറ്റഡ് എഞ്ചിനീയർമാർ/ഓവർസീയർ എന്നിവരുടെ പ്രവർത്തനം, പ്രവൃത്തികളുടെ പൂർത്തീകരണം, ഏതെങ്കിലും അധികാര സ്ഥാപനങ്ങളുടെ ബോധപൂർവ്വമായ വീഴ്ചകൾ, പദ്ധതി നിർവ്വഹണം മെച്ചമാക്കാനുള്ള നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊള്ളിക്കണം.

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

## പ്രവൃത്തി നടക്കുമ്പോഴുള്ള ഫീൽഡ് തല സാങ്കേതിക പരിശോധനാ റിപ്പോർട്ടിന്റെ മാതൃക

| പരിശോധനാ തലം ( ) | |
|---|---|
| സംസ്ഥാനം | ☐ |
| ജില്ല | ☐ |
| ബ്ലോക്ക് | ☐ |

| ജില്ല | ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| പരിശോധനാ ഉദ്യോഗസ്ഥന്റെ പേര് | | |
| ഔദ്യോഗിക വിലാസം | | |
| പരിശോധന തീയതി | | |

| 1. | സന്ദർശനം നടത്തുന്ന പ്രവൃത്തി സംബന്ധിച്ചു പൊതു വിവരം | |
|---|---|---|
| എ) | പേര് | |
| ബി) | പ്രവൃത്തികോഡ് | |
| സി) | പ്രവൃത്തി അടങ്കൽ (രൂപ) | |
| ഡി) | വേതന ഘടകം (രൂപ) | |
| ഇ) | സാധന ഘടകം | |

| പരിശോധനയിലെ കണ്ടെത്തലുകൾ | | |
|---|---|---|
| എ) | പ്രവൃത്തികളുടെ ആവശ്യകതയും സൈറ്റ് കണ്ടീഷനും കണക്കിലെടുത്താണോ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് | അതെ ☐ അല്ല ☐ |
| ബി) | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയാണോ നടത്തിയിട്ടുള്ളത് | അതെ ☐ അല്ല ☐ |
| സി) | എസ്റ്റിമേറ്റ് പ്രകരാമുള്ള ഗുണനിലവാരമുള്ള സാധനസാമഗ്രികളാണോ ഉപയോഗിച്ചിട്ടുള്ളത് | അതെ ☐ അല്ല ☐ |
| ഡി) | എം.ബുക്കിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടോ | അതെ ☐ അല്ല ☐ |
| ഇ) | മെറ്റീരിയൽ Stack ചെയ്ത വിവരം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോ | അതെ ☐ അല്ല ☐ |
| എഫ്) | എം.ബുക്കിലെ രേഖപ്പെടുത്തലുകളും സൈറ്റിലെ അളവുകളുമായി പൊരുത്തപ്പെടുന്നുണ്ടോ | അതെ ☐ അല്ല ☐ |
| ജി) | പാർട്ട് ബിൽ/ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ രേഖപ്പെടുത്തലുകൾ സൈറ്റിലെ അളവുമായി പൊരുത്തപ്പെടുന്നുണ്ടോ? | അതെ ☐ അല്ല ☐ |
| എച്ച്) | വർക്ക് ഫയൽ ശരിയായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ? | അതെ ☐ അല്ല ☐ |
| ഐ) | പ്രവൃത്തിയിൽ അനുവദനീയമല്ലാത്ത മെഷീനറികളുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | അതെ ☐ അല്ല ☐ |
| ജെ) | പ്രവൃത്തിയിൽ കോൺട്രാക്ടർമാരുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഉണ്ട് ☐ ഇല്ല ☐ |
| പരിശോധനാ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ | | |

അനുബന്ധം–7

## പ്രവൃത്തി നടക്കുമ്പോഴുള്ള പൊതു/സാങ്കേതിക പരിശോധനയുടെ ക്രോഡീകരണഫോറം

ജില്ല:
ബ്ലോക്ക്:
ഗ്രാമപഞ്ചായത്ത് 1 :

| പൊതു പരിശോധന | | | | | സാങ്കേതിക പരിശോധന | | | | |
|---|---|---|---|---|---|---|---|---|---|
| പരിശോധനാ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധിച്ച പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരംഎന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരം അല്ല എന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | പരിശോധനാ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധിച്ച പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരംഎന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരം അല്ല എന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | | | | ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനീയർ | | | | |
| അസിസ്റ്റന്റ് സെക്രട്ടറി | | | | | ഗ്രാമ പഞ്ചായത്ത് LSGDAE | | | | |
| സെക്രട്ടറി | | | | | അസിസ്റ്റന്റ് എക്സി എഞ്ചിനീയർ LSGD | | | | |
| എക്സ്റ്റൻഷൻ ഓഫീസർ | | | | | | | | | |
| ജോയിന്റ് ബി ഡി ഓ (ആർ എച്ച്) | | | | | | | | | |
| ജോയിന്റ് ബി ഡി ഓ (ആർ ഇ ജി എസ്സ്) | | | | | | | | | |
| ബി പി ഓ | | | | | | | | | |
| ആകെ | | | | | | | | | |

ഗ്രാമപഞ്ചായത്ത് 2:
ഗ്രാമപഞ്ചായത്ത് 3:
ക്രമപ്രകാരമല്ലായെന്ന കണ്ടെത്തലുകളിലെ പ്രധാന പോരായ്മകൾ എന്തെല്ലാം?

a) പൊതു പരിശോധന:
b) സാങ്കേതിക പരിശോധന:

ബിപിഓ യുടെ പേരും ഒപ്പും തീയതിയും

അനുബന്ധം 8

## പ്രവൃത്തി അവസാനിച്ച ശേഷമുള്ള പൊതു പരിശോധനാ റിപ്പോർട്ട്

ജില്ല :

ബ്ലോക്ക് :

ഗ്രാമ പഞ്ചായത്ത് :

പരിശോധനാ ഉദ്യോഗസ്ഥന്റെ പേര് :

ഔദ്യോഗിക വിലാസം :

പരിശോധനാ തീയതി :

പരിശോധന നടത്തുന്ന പ്രവൃത്തിയുടെ പേര്:

പ്രവൃത്തി കോഡ്:

ഗുണഭോക്താവിന്റെ പേര്:

അടങ്കൽ തുക:

ആകെ ചെലവായ തുക:

വേതന ഘടകം തുക:

സാധന ഘടകം തുക:

സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ:

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നടന്നിട്ടുണ്ടോ:

കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരമുള്ള CIB പ്രവൃത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ടോ:

പ്രവൃത്തിയെ സംബന്ധിച്ച എല്ലാ വിവരവും CIB യിൽ രേഖപ്പെടുത്തിയിട്ടുണ്ടോ:

തുടർ പരിപാലനം ആവശ്യമുള്ള പ്രവൃത്തികളിൽ അത് ഉറപ്പ് വരുത്തിയിട്ടുണ്ടോ:

പ്രവൃത്തിയുടെ ഫയൽ കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുള്ള എല്ലാ രേഖകളും അടക്കം കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോ:

വ്യതിയാനങ്ങൾ സംബന്ധിച്ച സംക്ഷിപ്ത വിവരം:

മറ്റു അഭിപ്രായം:

പരിശോധനാ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും തീയതിയും

അനുബന്ധം - 9

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

## പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞുള്ള ഫീൽഡ് തല സാങ്കേതിക പരിശോധനാ റിപ്പോർട്ടിന്റെ മാതൃക

| പരിശോധനാ തലം ( ) | |
|---|---|
| സംസ്ഥാനം | ☐ |
| ജില്ല | ☐ |
| ബ്ലോക്ക് | ☐ |

| ജില്ല | ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| പരിശോധനാ ഉദ്യോഗസ്ഥന്റെ പേര് | | |
| ഔദ്യോഗിക വിലാസം | | |
| പരിശോധന തീയതി | | |

| 1. | സന്ദർശനം നടത്തുന്ന പ്രവൃത്തി സംബന്ധിച്ചു പൊതു വിവരം | |
|---|---|---|
| എ) | പേര് | |
| ബി) | പ്രവൃത്തികോഡ് | |
| സി) | പ്രവൃത്തി അടങ്കൽ (രൂപ) | |
| ഡി) | വേതന ഘടകം (രൂപ) | |
| ഇ) | സാധന ഘടകം | |

| പരിശോധനയിലെ കണ്ടെത്തലുകൾ | | |
|---|---|---|
| എ) | പ്രവൃത്തികളുടെ ആവശ്യകതയും സൈറ്റ് കണ്ടീഷനും കണക്കിലെടുത്താണോ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് | അതെ ☐ അല്ല ☐ |
| ബി) | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയാണോ നടന്നുവരുന്നത് | അതെ ☐ അല്ല ☐ |
| സി) | എസ്റ്റിമേറ്റ് പ്രകരാമുള്ള ഗുണനിലവാരമുള്ള സാധനസാമഗ്രികളാണോ ഉപയോഗിക്കുന്നത് | അതെ ☐ അല്ല ☐ |
| ഡി) | പ്രവൃത്തി സ്ഥലത്ത്/ എ.ഇ/ഓവർസീയർ/മേറ്റ് തുടങ്ങിയവരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നോ ? | അതെ ☐ അല്ല ☐ |
| ഇ) | എം.ബുക്കിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടോ | അതെ ☐ അല്ല ☐ |
| എഫ്) | മെറ്റീരിയൽ Stack ചെയ്ത വിവരം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോ | അതെ ☐ അല്ല ☐ |
| ജി) | എം.ബുക്കിലെ രേഖപ്പെടുത്തലുകളും സൈറ്റിലെ അളവുകളുമായി പൊരുത്തപ്പെടുന്നുണ്ടോ | അതെ ☐ അല്ല ☐ |
| എച്ച്) | പാർട്ട് ബിൽ/ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ രേഖപ്പെടുത്തലുകൾ സൈറ്റിലെ അളവുമായി പൊരുത്തപ്പെടുന്നുണ്ടോ? | അതെ ☐ അല്ല ☐ |
| ഐ) | വർക്ക് ഫയൽ ശരിയായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ? | അതെ ☐ അല്ല ☐ |
| ജെ) | പ്രവൃത്തിസ്ഥലത്ത് നിയോഗിച്ചിട്ടുള്ള അവിദഗ്ദ്ധ/ അർദ്ധവിദഗ്ദ്ധ/വിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണവും പേരുവിവരങ്ങളും മസ്റ്റർറോളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടോ? | അതെ ☐ അല്ല ☐ |

അനുബന്ധം 10

## പ്രവൃത്തി അവസാനിച്ച് കഴിഞ്ഞുള്ള പൊതു/സാങ്കേതികപരിശോധനയുടെ ക്രോഡീകരണഫോറം

ജില്ല:

ബ്ലോക്ക്:

ഗ്രാമപഞ്ചായത്ത് 1 :

| പൊതു പരിശോധന | | | | | സാങ്കേതിക പരിശോധന | | | | |
|---|---|---|---|---|---|---|---|---|---|
| പരിശോധനാ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധിച്ച പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരം എന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരം അല്ല എന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | പരിശോധനാ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധിച്ച പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരംഎന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമപ്രകാരം അല്ല എന്നു കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | | | | ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനീയർ | | | | |
| അസിസ്റ്റന്റ് സെക്രട്ടറി | | | | | ഗ്രാമ പഞ്ചായത്ത് LSGDAE | | | | |
| സെക്രട്ടറി | | | | | അസിസ്റ്റന്റ് എക്സി എഞ്ചിനീയർ LSGD | | | | |
| എക്സ്റ്റൻഷൻ ഓഫീസർ | | | | | | | | | |
| ജോയിന്റ് ബി ഡി ഓ (ആർ എച്ച്) | | | | | | | | | |
| ജോയിന്റ് ബി ഡി ഓ (ആർ ഇ ജി എസ്സ്) | | | | | | | | | |
| ബി പി ഓ | | | | | | | | | |
| ആകെ | | | | | | | | | |

ഗ്രാമപഞ്ചായത്ത് 2:

ഗ്രാമപഞ്ചായത്ത് 3:

ക്രമപ്രകാരമല്ലായെന്ന കണ്ടെത്തലുകളിലെ പ്രധാന പോരായ്മകൾ എന്തെല്ലാം?

a) പൊതു പരിശോധന:

b) സാങ്കേതിക പരിശോധന:

ബിപിഓ യുടെ പേരും ഒപ്പും തീയതിയും

അനുബന്ധം II

## ജില്ലാ തല ക്രോഡീകൃത റിപ്പോർട്ടിങ്ങ് ഫോർമാറ്റ്

1. പ്രവൃത്തി തുടങ്ങും മുൻപുള്ള പരിശോധന

| ബ്ലോക്ക് | പൊതു പരിശോധന | | | സാങ്കേതിക പരിശോധന | | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധന നടത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമക്കേടുകൾ കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധന നടത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമക്കേടുകൾ കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| ആകെ | | | | | | | |

2. പ്രവൃത്തി നടക്കുമ്പോഴുള്ള പരിശോധന

| ബ്ലോക്ക് | പൊതു പരിശോധന | | | സാങ്കേതിക പരിശോധന | | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധന നടത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമക്കേടുകൾ കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധന നടത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമക്കേടുകൾ കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| ആകെ | | | | | | | |

3. പ്രവൃത്തി പൂർത്തികരിച്ച ശേഷമുള്ള പരിശോധന

| ബ്ലോക്ക് | പൊതു പരിശോധന | | | സാങ്കേതിക പരിശോധന | | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധന നടത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമക്കേടുകൾ കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | ആകെ പരിശോധിക്കേണ്ട പ്രവൃത്തികളുടെ എണ്ണം | പരിശോധന നടത്തിയ പ്രവൃത്തികളുടെ എണ്ണം | ക്രമക്കേടുകൾ കണ്ടെത്തിയ പ്രവൃത്തികളുടെ എണ്ണം | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| ആകെ | | | | | | | |

ക്രമപ്രകാരമല്ലായെന്ന കണ്ടെത്തലുകളിലെ പ്രധാന പോരായ്മകൾ എന്തെല്ലാം?

A) പൊതു പരിശോധന:

B) സാങ്കേതിക പരിശോധന: